**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2539** **12-12-2022 - ൽ മറുപടിയ്ക്ക്**

**നിർദ്ദിഷ്ട പോളിടെക്നിക്കിനായി സർക്കാർ വഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽ പഞ്ചായത്തിൽ നിർദ്ദിഷ്ട പോളി ടെക്നിക്കിനായിയുള്ള സർക്കാർ വഴി പുനർനിക്ഷിപ്തമാക്കി കൈമാറുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ; ആയതിന്റെ തുടർ നടപടികൾ എന്താണെന്നും കാലതാമസത്തിന്റെ കാരണമെന്തെന്നും വിശദമാക്കാമോ? | (എ) | തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിലാണ് നിർദ്ദിഷ്ട പോളിടെക്നിക്കിന് സ്ഥലം കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത വസ്തുവിന്റെ ഭാഗമായി വരുന്ന റീ സർവ്വേ 228/4-ൽ ഉൾപ്പെട്ടിട്ടുള്ള 07.28 ആർ സർക്കാർ വഴി പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതായി കാണിച്ച് പ്രസ്തുത വസ്തു സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കാനായി നടപടി സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റീസർവ്വേ നം.228/4-ൽ ഉൾപ്പെട്ടിട്ടുള്ള 07.28 ആർ സർക്കാർ വഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ടി വസ്തുവിന്റെ സർവ്വേ നമ്പർ സംബന്ധിച്ച പരാമർശമില്ല. ആയതിനാൽ തുടർനടപടി റവന്യൂ വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ